**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3650** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. ഇവ ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാർ വർദ്ധിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ. എ അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, സാമ്പത്തിക നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ കൂടുതൽ ജനോപകാരപ്രദമായും സാമ്പത്തിക ലാഭത്തിലും ക്രമീകരിക്കുന്നതിനും, പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തിയിരുന്ന പ്രസ്തുത റൂട്ടുകളിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനായി, നിർത്തലാക്കിയ സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. ഇവ ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാർ വർദ്ധിക്കുന്ന മുറയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ. എ അടക്കമുള്ള ജനപ്രതിനികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും, വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടി കൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, സാമ്പത്തിക നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ കൂടുതൽ ജനോപകാരപ്രദമായും സാമ്പത്തിക ലാഭത്തിലും ക്രമീകരിക്കുന്നതിനും, പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ